(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.1/1374/2016

കേരളസംസ്ഥാന

ജില്ലാ ഓഡ്

തിരുവനന്തപുരം, തീയ

ഫോൺ-

ഇ-മെയിൽ- lfadt

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചെങ്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെങ്കൽ ഗ്രാമപഞ്ചായത്ത് - 2014-15സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 19 പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെ 2014-15 സാമ്പത്തിക വർഷത്തെ ധനക പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർന ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 , 3 എന്നിവയിലെ ഖണ്ഡികയിലേക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പ വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേ റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേ രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവ സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 2 കാണുക)

വി

ഡെ

**പകർപ്പ് :**

1)സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം).

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

**നം.കെ.എസ്.എ .റ്റി.വി.എം/ജി.പി.1/1374/2016** **തീയതി: 01.08.2016**

**തിരുവനന്തപുരം ജില്ലയിലെ ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെ 2014-15സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വ 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെ 2014-15 സാമ്പത്തിക വർഷത്തെ ധനകാര്യപത്രി വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 20/04/2015 മുതൽ 10/06/2016 തീയതി വരെ വിവിധ ഇനങ്ങളിലായി നട പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ചെങ്കൽ ഗ്രാമപ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടു അന്വേഷണങ്ങൾക്ക് ലഭ്യമാക്കിയിട്ടുള്ള മറുപടി പരിഗണിച്ച ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാ റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകര അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ എ.ജമാലുദീൻ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.06.2016 മുതൽ 25.06.2016വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സഹീർ.<br>ശ്രീ.ബിജുലാൽമണി.എസ്.എൽ<br>ശ്രീമതി. ബിന്ദുലത ബി.പി.<br>ശ്രീ.ശിവനാഥൻ.എ.<br>ശ്രീ.ഷിംജി.ജി | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br>സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ഓഡിറ്റർ<br>ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.സുഗന്ധി എച്ച്. | 01/04/2014 മുതൽ 31/03/2015 വ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.ഡി.റൈറ്റസ്<br>ശ്രീ.ജി.സനിൽ കുമാർ (ഇൻ- ചാർജ്ജ്)<br>ശ്രീ.സി.ബാബു | 01/04/2014 മുതൽ 27/09/2014 വരെ<br>28/09/2014 മുതൽ 12/10/2014 വരെ<br>13/10/2014 മുതൽ 31/03/2015 വരെ |
| **നിർവ്വഹണഉദ്യോഗസ്ഥർ** | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീ.ശൈലേന്ദ്ര കുമാർ | 01/04/2014 മുതൽ 31/03/2015 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (എ സർക്കിൾ) | ശ്രീ.ബാലു | 01/04/2014 മുതൽ 31/03/2015 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ബി സർക്കിൾ) | ശ്രീമതി.സ്മിതാ രാജ് ഡി. | 01/04/2014 മുതൽ 31/03/2015 വരെ |
| ഐ.സി.ഡി. എസ്. സൂപ്പർവൈസർ | ശ്രീമതി.സുശീലാബായി വി. | 01/04/2014 മുതൽ 31/03/2015 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ.ലിജ | 01/04/2014 മുതൽ 31/03/2015 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.സുശീല സ്റ്റീഫൻ | 01/04/2014മുതൽ 31/03/2015വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ഷെർളി | 01/04/2014 മുതൽ 31/03/2015 വരെ |
| ഹെഡ്മിസ്ട്രസ് (ഗവ.എൽ.പി.ബി.എസ്) | ശ്രീമതി.ബേബി കുസുമം | 01/04/2014 മുതൽ 31/03/2015വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ലില്ലു | 01/04/2014മുതൽ 31/03/2015 വരെ |
| വെറ്ററിനറി സർജൻ | ഡോ.ജിനകുമാർ | 01/04/2014 മുതൽ 31/03/2015 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. ജി. സനിൽ കുമാർ | 01/04/2014 മുതൽ 31/03/2015 വരെ |

**ഉള്ളടക്കം**


| ക്രമ നം. | **ഭാഗം 1** | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |

| | | | |
|---|---|---|---|
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | <u>ഭാഗം 2</u> | | |
| 12 | ഡി ആന്റ് ഒ ലൈസൻസ് - സ്ഥാപനങ്ങൾക്ക് ലൈസൻസില്ല. | 2-1 | |
| 13 | തൊഴിൽ നികുതി/സ്ഥാപന നികുതി ഈടാക്കിയതിൽ അപാകത. | 2-2 | |
| 14 | രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. | 2-3 | |
| 15 | വാടക, ലേലം പിരിവിലെ അപാകതകൾ | 2-4 | |
| | <u>ഭാഗം 3</u> | | |
| 16 | കിണറിനുസമീപം കുഴൽകിണർ | 3-1 | |
| 17 | മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ മരാമത്ത്പ്രവൃത്തി - 70000/- രൂപ തടസ്സപ്പെടുത്തുന്നു. | 3-2 | |
| 18 | ബ്രിക്ക് വർക്കിന് അധികനിരക്ക്- 4589/-രൂപ നിരാകരിക്കുന്നു. | 3-3 | |
| 19 | ചെലവ് രേഖകളില്ല 1472136/-രൂപ തടസ്സം ചെയ്യുന്നു. | 3-4 | |
| 20 | വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല 774683/- രൂപതടസ്സം | 3-5 | |
| 21 | വരൾച്ചാദുരിതാശ്വാസം-ചെലവ് രേഖകളില്ല-1364326/- രൂപ തടസ്സം | 3-6 | |
| 22 | അധികനിരക്കിൽ മേശയും കസേരയും. | 3-7 | |
| 23 | സർക്കാർ ജീവനക്കാരുടെ മക്കൾക്കും പഠനസഹായം | 3-8 | |
| 24 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർഥികൾക്ക് സ്കോളർഷിപ്പ്/ബത്ത നൽകൽ -അപാകങ്ങൾ | 3-9 | |
| 25 | നിർഭയ ജാഗ്രതസമിതി ബോർഡും പരാതിപ്പെട്ടിയും സ്ഥാപിച്ചില്ല. | 3-10 | |
| 26 | ഗ്രാമസഭാ മിനിട്സ് ബുക്കുകളുടെ പരിപാലനം തൃപ്തികരമല്ല. | 3-11 | |
| 27 | ഗ്രാമസേവകർ നിർവഹിച്ച പദ്ധതികളിലെ പൊതുവായ അപാകങ്ങൾ | 3-12 | |
| 28 | മഴക്കാലപൂർവ ശുചീകരണം | 3-13 | |
| 29 | മഴക്കാല ദുരിതാശ്വാസ പ്രവർത്തനം | 3-14 | |
| 30 | വൃക്ഷ തൈ വിതരണം - ചെലവ് നിയന്ത്രിച്ചില്ല | 3-15 | |
| 31 | ഓഫീസ് വാഹനത്തിന് സ്റ്റീരിയോ | 3-16 | |
| 32 | ചെലവു രേഖകളില്ല | 3-17 | |
| 33 | ശമ്പള കുടിശ്ശിക അനുവദിച്ചത് പരിശോധിക്കാനായില്ല | 3-18 | |
| 34 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 3-19 | |
| | <u>ഭാഗം 4</u> | | |
| 35 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 36 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 38 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 39 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 40 | ഓഡിറ്റ് റിക്കവറി | 4-6 | |
| 41 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |

| | | | |
|---|---|---|---|
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |


# ഭാഗം -1

## പൊതു അവലോകനം

## പൊതു അവലോകനം

### 1-1 ബജറ്റ്

2014-15വർഷത്തെ ബജറ്റ് 31.03.2015 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബ മുന്നിരിപ്പ് ഉൾപ്പെടെ പ്രതീക്ഷിത വരവ് 23,20,80,891/- രൂപയും പ്രതീക്ഷിത ചെലവ് 15,28,47,087/- രൂപയും ( 7,92,33,804/-രൂപയുമായിരുന്നു. റസീപ്റ്റ്സ് & പേയ്മെന്റ്സ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെയുള്ള വരവ് 13,05,13,8 ചെലവ് 9,92,10,770/- രൂപയുമാണ്.

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2015 | 25.05.2015 | - | - |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2014-15 | 18.08.2015 | KSA TVM F1/1111/15(5) Dt.21.10.2015 of DD KSAD TVPM |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റ പേയ്മെന്റ് അക്കൗണ്ട് ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

### 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് : 2,05,27,257

വരവ് : 10,99,86,606

ആകെ : 13,05,13,863

ചെലവ് : 9,92,10,770

നീക്കിയിരിപ്പ് : 3,13,03,093

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെ... ശത... |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1792808 | 15159691 | 18311808 | 1624090 | 2070968 | [illegible] |
| വികസനഫണ്ട് എസ്.സി.പി. | 2264406 | 6436000 | 8700406 | 6975406 | 1725000 | 8 |
| വികസനഫണ്ട് ടി.എസ്.പി. | - | 5000 | 5000 | - | 5000 | |
| സംരക്ഷണഗ്രാന്റ് റോഡ് | 173189 | 8289000 | 8462189 | 6840118 | 1622071 | 8 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 914333 | 5070000 | 5984333 | 3025813 | 2958520 | 5 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2288283 | 10806443 | 13094726 | 9469316 | 3625410 | 7 |
| പെർഫോമൻസ് ഗ്രാന്റ് | 600393 | 5055000 | 5655393 | 466099 | 5189294 | 8 |
| എം.എൻ.ആർ.ഇ.ജി.എസ്. | 4482 | 6604452 | 7070354 | 5083628 | 1986726 | 7 |
| ബി ഫണ്ട് | - | 33559279 | 33559279 | 33559279 | - | 1 |
| മറ്റുവരവുകൾ | 12489363 | 19001741 | 31491104 | 17835851 | 12120554 | 5 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 235 | 78005567 | 153 | 50695341 | - | 82 | 65 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | | | | |
| തൊഴിൽ നികുതി | 841300 | 989830 | 148530 | 17.65 |
| കെട്ടിട നികുതി | 1112642 | 2328404 | 1215762 | 109.26 |

| | | | | |
|---|---|---|---|---|
| വിനോദ നികുതി | - | - | - | |
| പരസ്യ നികുതി | - | - | - | |
| നികുതിയേതര വരവുകൾ | | | | |
| ലേലം | 684122 | 740080 | 55958 | 8.17 |
| വാടക | 289152 | 191900 | (-) 97252 | 33.63 |
| ഡി & ഒ ലൈസൻസ് | 46100 | 80600 | 34500 | 74.83 |
| മറ്റുവരവുകൾ | 613726 | 1671765 | 1058039 | 172.39 |
| **ആകെ** | **3587042** | **6002579** | **2415537** | **67.34** |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1911120 | 1192 |
| കർഷകതൊഴിലാളി പെൻഷൻ | 11953723 | 1667 |
| വിധവാപെൻഷൻ | 9915098 | 1162 |
| വാർദ്ധക്യകാലപെൻഷൻ | 3159780 | 1059 |
| വികലാംഗപെൻഷൻ | 5447076 | 619 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 430000 | 30 |
| 50 വയസിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 517650 | 59 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13 2.10PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധന രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തൊഴിലില്ലായ്മ വേതനം, ക എന്നിവയ്ക്ക് ലഭ്യമാകുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കേണ്ടതാണ്. ഗുണഭോക്തൃസമിത് നടത്തുന്ന പൊതുമരാമത്ത് പ്രവൃത്തികൾ മാർഗ്ഗരേഖയിൽ അനുശാസിക്കും പ്രകാരം നിർവ്വഹിക്കേണ്ടതും ആ കാലികമാക്കേണ്ടതുമാണ്. സൃഷ്ടിക്കുന്ന ആസ്തികൾ പൊതുജനങ്ങൾക്ക് ഉപയോപ്രദ മാകുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

(എ) <u>ലോഗ് ബുക്ക് കളവ് പോയി.</u>

ഗ്രാമപഞ്ചായത്തിന്റെ കെ.എൽ.19സി 4917 എന്ന വാഹനത്തിന്റെ 2014-15 സാമ്പത്തിക വർഷത്തെ പരിശോധിച്ചതിൽ 22.02.2015 മുതലുള്ള യാത്രകളുടെ വിവരമടങ്ങിയ ലോഗ്ബുക്ക് ഹാജരാക്കുകയുണ്ടായില്ല. ഇത് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.22/) 22.02.2015 മുതലുള്ള ലോഗ്ബുക്ക് 28.11.2015ന് ഓഫീസിൽ പോയതായും, ഇത സംബന്ധിച്ച് സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, പാറശ്ശാലയ്ക്ക് കത്ത് നൽകിയിട്ടുള്ളതായും മറുപട

(ബി) <u>നിശ്ചിത സമയത്തിനുള്ളിൽ ബിൽ ഒടുക്കാത്തതിനാൽ പിഴ ഒടുക്കേണ്ടി വരുന്നു.</u>

2014-15 സാമ്പത്തിക വർഷത്തിൽ ഫോൺ ബില്ലുകൾ നിശ്ചിത സമയത്തിനുള്ളിൽ ഒടുക്കാത്തതിനാൽ ഗ്രാമപ ആയിരം രൂപയിലധികം പിഴ ഒടുക്കേണ്ടി വന്നു. ഗ്രാമപഞ്ചായത്ത് കാര്യാലയം, സെർവർ റൂം, എൻ.ആർ. കൈമാറികിട്ടിയ സ്ഥാപനങ്ങൾ എന്നിവയുടേതാണ് ഫോൺ ബില്ലുകൾ. തെരുവ് പൈപ്പുകളുടെ വാട്ടർചാർജ്ജ് വൈകിയതിനാൽ 2,468/- രൂപയുടെ അധിക ചെലവ് ഉണ്ടായി. തദ്ദേശ സ്ഥാപനം വിനിയോഗിക്കുന്ന സേവനങ്ങ നിശ്ചിത സമയത്തിനുള്ളിൽ ഒടുക്കി പിഴയിൽ നിന്നും ഒഴിവാകേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.05.2016 - 30.05.2016 | 02/2016-05/2016 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.06.2016 – 08.06.2016 | 2011-12 മുതൽ 2015-16 വരെ | ലഭിച്ചിട്ടില്ല. |

# <u>ഭാഗം -2</u>

## <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർ പ്രത്യേക ഭാഗം]

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി&ഒ ലൈസൻസ്- സ്ഥാപനങ്ങൾക്ക് ലൈസൻസില്ല.

2014-15 സാമ്പത്തികവർഷത്തിൽ പഞ്ചായത്തിൽ ലഭ്യമായ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം താഴെപ്പറയുന്ന സ്ഥാപ

പഞ്ചായത്ത് രാജ് ആക്ട് 232(1) പ്രകാരമുള്ള ഡി&ഒ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായി കണ്ടെത്തി.

1. കിഴക്കേ ചെങ്കൽ ക്ഷീരോദ്പാദക സഹകരണ സംഘം, കന്നൻവിള
2. കീഴമ്മാകം ക്ഷീരോദ്പാദക സഹകരണ സംഘം, ആറാണക്കിൻവിള
3. ചേട്ടായീസ് ജെൻസ് വെയർ, ഉദിയൻകുളങ്ങര
4. മാർജിൻ ഫ്രീ ഷൂ പാർക്ക്, ഉദിയൻകുളങ്ങര
5. ജയ് ബൈസിക്കിൾസ്, ഉദിയൻകുളങ്ങര
6. എസ്.ആർ സ്വീറ്റ്സ് & ഫാസ്റ്റ് ഫുഡ്
7. ഡ്രസ് ലാന്റ്, ഉദിയൻകുളങ്ങര
8. ജ്യോതി ഇലക്ട്രിക്കൽസ്, ഉദിയൻകുളങ്ങര
9. കാർമ്മിക് ഫുട് വെയർ, ഉദിയൻകുളങ്ങര
10. വിസ്മയ ടെക്സ്, ഉദിയൻകുളങ്ങര
11. സ്റ്റുഡൻസ് സ്റ്റോർ, ഉദിയൻകുളങ്ങര
12. എസ്.എസ് ബേക്കറി & ഐസ് ക്രീം, ഉദിയൻകുളങ്ങര
13. റൗണ്ട്സ് മൊബൈൽ, ഉദിയൻകുളങ്ങര
14. മുത്തു സ്റ്റോർ, ഉദിയൻകുളങ്ങര
15. ശ്രീ ഭദ്രാ ഗ്ലാസ് & പ്ലൈവുഡ്സ്, ഉദിയൻകുളങ്ങര
16. മനയം ടെക്സ്, ഉദിയൻകുളങ്ങര
17. കാർത്തിക് പ്രിന്റേഴ്സ്, ഉദിയൻകുളങ്ങര
18. സൂര്യ ഇലക്ട്രോണിക്സ്, ഉദിയൻകുളങ്ങര

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി 16 നൽകിയതിനെ തുടർന്ന് ടി സ്ഥാപനങ്ങൾ ഉൾപ്പെടെ ഈടാക്കാനുള്ള മുഴുവൻ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും വീഴ്ചകൂടാതെ ലൈസൻസ് ഫീസ് ഈടാക്കുന്നതാണെന്ന് അറി

ട്രേഡേഴ്സ് ലിസ്റ്റ് പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിലെ കടകൾ, മെഡിക്കൽ ഷോപ്പുകൾ, റേഷൻ സ്റ്റോറുകൾ, ജ്വലറികൾ, മറ്റ് വ്യാപാര സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടുത്തി കാലികമാക്കുന്നതിനും നിലവിൽ ട്രേഡേ സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശിക സഹിതം ഫീസ് ഈടാക്കുന്നതിനും സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി/സ്ഥാപന നികുതി ഈടാക്കിയതിൽ അപാകത.

(എ) <u>തൊഴിൽ നികുതി ഈടാക്കിയതിലെ കുറവ്</u>

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ 1070/- രൂപ കുറവ് വന്നിട്ടുള്ളതായിക്കാണാ

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ പേര് | ഈടാക്കിയ തുക | ഈടാക്കേണ്ടിയിരുന്ന തുക | അ വാർഷി |
|---|---|---|---|---|---|
| 1 | മുത്തൂറ്റ് ഫിൻ കോർപ്പറേഷൻ (2-ാം പകുതി) | 1. രതീഷ്, അസി.മാനേജർ | 600 | 750 | 9 |
| | | 2. ശോഭനലത, ജൂനിയർ എക്സിക്യൂട്ടീവ് | 300 | 450 | 4 |
| | | 3. പ്രദോഷ് കുമാർ, ജൂനിയർ എക്സിക്യൂട്ടീവ് | 300 | 450 | 4 |
| | | 4. ഗോപകുമാർ, സബ് സ്റ്റാഫ് | 180 | 300 | 3 |
| 2 | ആറയൂർ ദേവസ്വം | 1. ജി.നാരായണൻ നമ്പൂതിരി (1-ാം പകുതി)<br>2. അജയകുമാർ (2-ാം പകുതി) | 1000<br>1000 | 1250<br>1250 | 13<br>12 |
| | | **ആകെ** | **3380** | **4450** | |

(ബി) <u>തൊഴിൽ നികുതി ഡിമാന്റ് ചെയ്യാത്ത സ്ഥാപനങ്ങൾ</u>

2014-15 സാമ്പത്തിക വർഷം താഴെ പറയുന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും അർദ്ധ വാർഷി കണക്കാക്കി തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല. വിശദമായ വിവരം ചുവടെ ചേർക്കുന്നു.

1. പോരന്നൂർ, KUCS
2. പ്രത്യാശാ വയോജന ആരോഗ്യ പരിപാലന കേന്ദ്രം
3. മതിലകം ഹോസ്പിറ്റൽ
4. കിഴക്കേ ചെങ്കൽ ക്ഷീരോദ്പാദക സഹകരണ സംഘം, കന്നൻവിള
5. തിരുവാതിര നെയിൽ ഇൻഡസ്ട്രീസ്, കൊച്ചോട്ടുകോണം
6. കീഴമ്മാകം ക്ഷീരോദ്പാദക സഹകരണ സംഘം, ആവണക്കിൻവിള

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.7-ന് ലഭ്യമാക്കിയ മറുപടിയിൽ, തൊഴിൽ നികുതി ഈടാ നടപടി സ്വീകരിക്കുന്നതായി അറിയിച്ചു. പഞ്ചായത്തിന്റെ തനതു വരുമാനത്തെ ബാധിക്കുന്ന ഇത്തരത്തിലുള്ള വീഴ്ക ഒഴിവാക്കേണ്ടതാണ്.

(സി) <u>സ്ഥാപന നികുതി ഒടുക്കുവരുത്തിയിട്ടില്ല.</u>

1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി ചട്ടങ്ങൾ) നിയമം 4 പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങ നികുതി ഒടുക്കിയിട്ടില്ല.

1. പ്രത്യാശാ വയോജന ആരോഗ്യ പരിപാലന വിശ്രമ കേന്ദ്രം
2. പോരന്നൂർ MCPS
3. പോപ്പുലർ നട്സ്, ആറയൂർ (ആദ്യ പകുതി)

4. മതിലകം ഹോസ്പിറ്റൽ (2-ാം പകുതി)

5. ചെങ്കൽ SCB-യുടെ ബ്രാഞ്ചുകളും അനുബന്ധ സ്ഥാപനങ്ങളും

6. ആറയൂർ SCB-യുടെ ബ്രാഞ്ചുകളും അനുബന്ധ സ്ഥാപനങ്ങളും

7. ചെങ്കൽ ഹൗസിംഗ് സഹകരണസംഘം മെറ്റീരിയൽ ഡിപ്പോ

8. ദേവനന്ദ ഓഡിറ്റോറിയം, ഉദിയൻകുളങ്ങര

9. ശിവശക്തി ഓഡിറ്റോറിയം, ചെങ്കൽ

10. എം.എം.എ ഹാൾ, വ്ലാത്താങ്കര

11. കിഴക്കേ ചെങ്കൽ ക്ഷീരോദ്പാദക സഹകരണസംഘം, കന്നൻവിള

12. തിരുവാതിര നെയിൽ ഇൻഡസ്ട്രീസ്, കൊച്ചോട്ടുകോണം

13. കീഴമ്മാകം ക്ഷീരോദ്പാദക സഹകരണ സംഘം, ആവണക്കിൻവിള

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.7-ന്, ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാ ഈടാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നിട്ടുള്ള ഈടാക്കേണ്ടതും തൊഴിൽ നികുതി, സ്ഥാപന നികുതി ഇനത്തിൽ ഈടാക്കാനുള്ള തുക എല്ലാ സ്ഥാപനങ്ങ വസൂലാക്കേണ്ടതുമാണ്. അല്ലാത്തപക്ഷം സെക്രട്ടറിയുടെ ബാധ്യതയായി പരിഗണിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ഡി) <u>തൊഴിൽ നികുതി ഈടാക്കുന്നില്ല.</u>

ഗ്രാമപഞ്ചായത്തിന്റെ ദിവസവേതന ജീവനക്കാർ, എം.എൻ.ആർ.ഇ.ജി.എസ് ജീവനക്കാർ, കരാർ അടി നിയമിതരായിട്ടുള്ള ജീവനക്കാർ തുടങ്ങിയവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇത് സംബന്ധ അന്വേഷണത്തിന് (നം.7/23.06.2016) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 2-3 രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ വരവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

1. ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

2. വിനോദ നികുതിയുമായി ബന്ധപ്പെട്ട രജിസ്റ്റർ

പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ കാലികമായി സൂക്ഷിക്കുന്നില്ല. ആയതിനാൽ ഈ ഇനങ്ങളിലുള്ള പ വരവിന്റെ കൃത്യത പരിശോധിക്കാനായില്ല. മേൽപ്പറഞ്ഞ രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.

## 2-4 വാടക, ലേലം പിരിവിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിൽ 2014-15 സാമ്പത്തിക വർഷങ്ങളിലെ ലേല തുകകൾ കുടിശ്ശികയില്ലാതെ പിരിച്ചെടുത്തിട്ടു പഞ്ചായത്തുവക ഷോപ്പിംഗ് കോംപ്ലക്സിലെ പല വ്യാപാര സ്ഥാപനങ്ങളിൽ നിന്നും വാടക ഈടാക്കുന്നില്ല. ഇതു വിശദീകരണം ആവശ്യപ്പെട്ടതിന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-24-ന് ലഭ്യമാക്കിയ മറുപടിയിൽ, വർദ്ധി നൽകാൻ വിസമ്മതിച്ച വാടകക്കാരൻ WPC No.15108/2014 നമ്പർ പ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫ ചെയ്യുകയും ആയതിന്റെ വെളിച്ചത്തിൽ വാടക ഉയർത്തുവാൻ കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളതെന്നും അറിയിച്ചു.

ഇത് സംബന്ധിച്ച് നിലവിൽ ബഹു:കോടതിയുടെ പ്രതികൂല ഉത്തരവ് ഇല്ലാത്തപക്ഷം തുക ഈടാക്കുന്നതിന് ു നടപടിയുമായി മുന്നോട്ടുപോകേണ്ടതും തുടർന്നുള്ള വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർ
[പ്രത്യേക ഭാഗം]

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 കിണറിനുസമീപം കുഴൽകിണർ

2014-15 സാമ്പത്തികവർഷം നടപ്പാക്കിയ കരുവിക്കാട് കുടിവെള്ള പദ്ധതിയുടെ സ്ഥലപരി
കുഴൽകിണറിനുസമീപം പഞ്ചായത്ത്കിണർ നിലവിലുള്ളതായി കണ്ടു. ഇതിൽ ജലം സുലഭമായിരുന്നിട്ടും
കുഴൽകിണർ നിർമ്മിച്ച് ജലവിതരണം നടത്തുന്നു. ചെങ്കൽ പഞ്ചായത്തിലെ ഏഴാം വാർഡിൽ കരുവിക്കാട് എന്ന സ്ഥല
നടപ്പാക്കിയിട്ടുള്ളത്. പദ്ധതിയുടെ വിശദവിവരം ചുവടെ.

പദ്ധതിയുടെപേര് - കരുവിക്കാട് കുടിവെള്ളപദ്ധതി

പദ്ധതി നമ്പർ - SO52/15

അടങ്കൽ - 200000(ലോകബാങ്ക്)

ചെലവ് - 200000(ബിൽനമ്പർ 6/14-15,തീ 12.08.14)

എംബുക്ക്നമ്പർ - 609/12-13

എംബുക്ക് പേജ്നമ്പർ 12 പ്രകാരം കുഴൽകിണറിനു വേണ്ടിയുള്ള ഡ്രില്ലിംഗ് ചാർജിനത്തിൽ മാത്രം 3
ചെലവാക്കിയിട്ടുണ്ട്. നിലവിലുണ്ടായിരുന്ന കിണർ ഉപയോഗിക്കാതെ പുതിയ കിണർ നിർമ്മിച്ചതിന് ഓഡിറ്റ് എൻക
വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. എന്നാൽ സ്ഥല പരിശോധന നടത്തി പ്രസ്തു
ആവശ്യകതയ്ക്കനുസരിച്ച് പദ്ധതി തയ്യാറാക്കാത്തതിനാലാണ് മേൽപറഞ്ഞ അപാകത സംഭവിച്ചിട്ടുള്ള
രൂപീകരണവേളയിൽ ഇത്തരം അപാകതകൾ സംഭവിക്കാതിരിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥരും ഭര
ശ്രദ്ധിക്കേണ്ടതാണ്.

### 3-2 മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തി - 70000/- രൂപ തടസ്സം

പദ്ധതിയുടെ പേര് - ചെങ്കൽ പി.എച്ച്.സി ലബോറട്ടറി പുനരുദ്ധാരണം

പദ്ധതി നമ്പർ - SOO259/15

അടങ്കൽ - 450000/-

ചെലവ് തുക - 450000/-(ബിൽ നമ്പർ - 2, തീ. 30/03/2015)

നിർവ്വഹണഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ.

പദ്ധതിപ്രകാരം ലബോറട്ടറിഉപകരണങ്ങൾ വാങ്ങുന്നതിനും മെഷീനറി പുനരുദ്ധാരണവുമാണ് ലക്ഷ്യമിട്ടിരുന്നത്. ഉ
വാങ്ങുന്നതിനായി 380000/- രൂപയും കെട്ടിടം മെയിന്റനൻസിനായി 70000/-രൂപയും ചെലവാക്കിയിരിക്കുന്നു.

വാതിൽ സ്ഥാപിക്കൽ, സ്ലാബ് നിർമ്മാണം, തറയിലും ചുമരിലും ടൈൽസ് പതിപ്പിക്കൽ എന്നീ പ്രവൃത്തികളാ
ക്ഷണിച്ച് 70000/-രൂപ ചെലവിട്ട് നടപ്പാക്കിയിരിക്കുന്നത്. ശ്രീ.ബാബു തട്ടാരശ്ശേരി എന്നയാളിന്റെ ക്വട്ടേഷൻ അ
നടപ്പാക്കുന്നതിന് അംഗീകരിച്ചത്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ കരാർ ചമയ്ക്കുകയോ എസ്റ്റിമേറ്റ്, വാല്യുവേ
തയ്യാറാക്കുകയോ പൊതുമരാമത്ത് ചട്ടപ്രകാരമുള്ള മറ്റു നടപടിക്രമങ്ങൾ പാലിക്കുകയോ ചെയ്യിട്ടില്ല. അളവെടുക
പരിശോധന എന്നിവയും നടന്നിട്ടില്ല. പൊതുമരാമത്ത് മാനുവൽ ജി.ഒ(പി) 13/2012/pwd/01.02.2012 ലെ
പാലിക്കാതെ നടപ്പാക്കിയ 70000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് എൻക്വയറിക്ക് മെഡിക്ക
ലഭ്യമാക്കിയ മറുപടിയിൽ പറയുന്നത് അടിയന്തിരമായി പണി പൂർത്തിയാക്കാൻ വേണ്ടി ക്വട്ടേഷൻ ക്ഷണിച്ച് നടപ്പാ
അടിയന്തിരമായി പൂർത്തിയാക്കുന്നതിനു വേണ്ടി ഉത്തരവ് ലംഘിച്ച് പദ്ധതി നടപ്പാക്കുന്നത് അംഗീകരിക്കാൻ കഴിയി
സർക്കാർ ഉത്തരവുകൾ പാലിച്ച് പദ്ധതികൾ നടപ്പാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. മരാമത്ത്
അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന നടപ്പാക്കുന്നതിന് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 3-3 ബ്രിക്ക് വർക്കിന് അധികനിരക്ക്- 4589രൂപ നിരാകരിക്കുന്നു.

അനുസരിച്ച് 14-15 സാമ്പത്തികവർഷം നടപ്പാക്കിയ പദ്ധതികളിൽ അധികനിരക്ക് നൽകിയതിലൂടെ പഞ്ചായത്തിന് ച്ച. ഡി.എസ്.ആർ ഷെഡ്യൂൾ ഇനം 6.4.2 ൽ, രണ്ടാം നില മുതൽ അഞ്ചാം നില വരെയുള്ള ബ്രിക് വർക്കിനു ന്. ചുവരുടെ ചേർക്കുന്ന പദ്ധതികളിൽ ഗ്രൗണ്ട് ഫ്ളോർ, കോമ്പൗണ്ട് വാൾ എന്നിവയ്ക്ക് ഇതേ റേറ്റ് അനുവദിച്ചതായി കാണുന്നു

<u>പഞ്ചായത്ത് അനുവദിച്ച തുക (ഒരു ഘനമീറ്ററിന്)</u>

| ക്രമ നമ്പർ | തൊഴിൽ നിർമ്മാണ വസ്തുക്കൾ | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|
| 1 | ഇഷ്ടിക | 494 | 3500/1000 | 1729.00 |
| 2 | ഇഷ്ടികകടത്തുകൂലി | 494 | 284.39/1000 | 140.49 |
| 3 | C.M 1:4 | 0.25 | 2960.65 | 740.16 |
| 4 | Sundries | 2.73 | 1.7 | 4.64 |
| 5 | മേസൺ (I class) | 0.47 | 393 | 184.71 |
| 6 | മേസൺ (II class) | 0.47 | 361 | 169.67 |
| 7 | കൂലി | 1.8 | 297 | 534.60 |
| 8 | ബിസ്തി | 0.2 | 328 | 65.60 |
| 9 | താങ്ങ് നൽകൽ | 22.36 | 1.7 | 38.01 |
| 10 | എക്സ്ട്രാ ലേബർ | 1.13 | 297 | 335.61 |
| | | | ആകെ | 3942.40 |
| | | | വാട്ടർചാർജ് | 39.49 |
| | | | ആകെ | 3981.92 |

**അനുവദിച്ച നിരക്ക് - 1.38 X 3981.92 = <u>5495.05 (ഒരു ഘനമീറ്ററിന്)</u>**

മേൽ പട്ടികയിലെ ഇനം 10 ൽ പറയുന്ന എക്സ്ട്രാ ലേബർ ഫസ്റ്റ് ഫ്ളോർ, ഗ്രൗണ്ട് ഫ്ളോർ, കോമ്പൗണ്ട് വാ അനുവദിച്ചതിലൂടെ പഞ്ചായത്തിന് നഷ്ടം സംഭവിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു. അനുവദിക്കാവുന്ന നിരക്ക് ചുവടെ

ഇനം 1മുതൽ 9വരെ - 3606.88

വാട്ടർചാർജ് - 36.07

ആകെ - 3642.95

അനുവദനീയമായനിരക്ക് - <u>5027.27 (1.38 X 3642.95)</u>

അധികനിരക്ക് - 5495.05 – 5027.27 = 467.78/ക്യൂബിക് മീറ്റർ

**a. <u>137-ാം നമ്പർ അംഗൻവാടി മെയിന്റനൻസ്</u>**

പദ്ധതി നമ്പർ - SOO163/15

അടങ്കൽ - 100000.

ചെലവ് തുക - 99237,ബിൽ നമ്പർ - 81, തീ. 30/03/2015

കൺവീനർ - ലതകുമാരി

എം ബുക്ക് നമ്പർ - 428/14-15

എംബുക്ക് പേജ്നമ്പർ- 15,16

ഇനം 2

Brick work

(ഡി.എസ്.ആർ ഷെഡ്യൂൾ ഇനം 6.4.2) - 0.35 m3 x 5495.05 = 1923.27

അധികം നൽകിയത് - 0.35 m3 x 467.78 = **163.7**

**b. കട്ടംബോട്ടുകോണം നഴ്സറി&ഹെൽത്ത് സെന്റർ മെയിന്റനൻസ്**

പദ്ധതി നമ്പർ - SOO225/15

അടങ്കൽ - 200000

ചെലവ് തുക - 193669,ബിൽ നമ്പർ - 82, തീ. 30/03/2015

കൺവീനർ - പ്രസാദ്

എം ബുക്ക് നമ്പർ - 442/14-15

എംബുക്ക് പേജ്നമ്പർ14.ഇനം 4

Brick work

(ഡി.എസ്.ആർ ഷെഡ്യൂൾ ഇനം 6.4.2) - 2.4 m3 x 5495.05 = 13188.12

അധികം നൽകിയത് - 2.4 m3 x 467.78 = **1122.67**

**c. 128-ാം നമ്പർ അംഗൻവാടി മെയിന്റനൻസ്**

പദ്ധതി നമ്പർ - SOO158/15

അടങ്കൽ - 200000

ചെലവ് തുക - 199561,ബിൽ നമ്പർ - 45, തീ. 19/03/2015

കൺവീനർ - ജയ

എം ബുക്ക് നമ്പർ - 236/14-15

എംബുക്ക് പേജ്നമ്പർ19.ഇനം 7

Brick work

(ഡി.എസ്.ആർ ഷെഡ്യൂൾ ഇനം 6.4.2) - 3.0 m3 x 5495.05 = 16485.20

അധികം നൽകിയത് - 3.0 m3 x 467.78 = **1403.34**

**d. 118-ാം നമ്പർ അംഗൻവാടി മെയിന്റനൻസ്**

പദ്ധതി നമ്പർ - SOO168/15

അടങ്കൽ - 200000

ചെലവ് തുക - 191229,ബിൽ നമ്പർ - 54, തീ. 19/03/2015

കൺവീനർ - തങ്കം

എം ബുക്ക് നമ്പർ - 295/14-15

എംബുക്ക് പേജ്നമ്പർ15.ഇനം 1

Brick work

(ഡി.എസ്.ആർ ഷെഡ്യൂൾ ഇനം 6.4.2) - 2.06 m3 x 5495.05 = 11319.80

അധികം നൽകിയത് - 2.06 m3 x 467.78 = **963.62**

**e. <u>പി.എച്ച്.സി. സബ്സെന്റർ മെയിന്റനൻസ്</u>**

പദ്ധതി നമ്പർ - SOO179/15

അടങ്കൽ - 200000

ചെലവ് തുക - 182050,ബിൽ നമ്പർ - 75, തീ. 30/03/2015

കൺവീനർ - മേബൽവസന്ത

എം ബുക്ക് നമ്പർ - 276/14-15

<u>എംബുക്ക് പേജ്നമ്പർ13,ഇനം 4</u>

Brick work

(ഡി.എസ്.ആർ ഷെഡ്യൂൾ ഇനം 6.4.2) - 2.0 m3 x 5495.05 = 10990

അധികം നൽകിയത് - 2.0 m3 x 467.78 = **935.56**

a, b, c, d, e എന്നിവയിലായി ആകെ 4589/-രൂപ അധികം നൽകിയിട്ടുണ്ട്. നഷ്ടത്തുക അസിസ്റ്റന്റ് എഞ്ചിനീയർ എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-4 ചെലവ് രേഖകളില്ല 1472136 രൂപ തടസ്സം ചെയ്യുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെ പറയുന്ന പദ്ധതികളുടെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജ വിശദവിവരം ചുവടെ

| പദ്ധതിയുടെ പേര് | പദ്ധതി നമ്പർ | അടങ്കൽ | ചെലവ് തുക |
|---|---|---|---|
| 127-ാം നമ്പർ അംഗൻവാടി മെയിന്റനൻസ്. | SO39/2015 | 265000/- (MG-NR) | 221765/- |
| കോൺഫറൻസ്ഹാൾ നവീകരണം | SO50/2015 | 571270/- (Fin.commission award) | 553100/- |
| വണ്ടിച്ചിറ പാലത്തടി ഭാഗത്ത് റാംപ് | SO55/2015 | 150000/-(own fund) | 147271/- |
| കീഴ്ശ്ശേരി പൊന്നച്ചം വിളാകം റോഡ് മെറ്റലിംഗ് ആന്റ് ടാറിംഗ് | SO56/2015 | 157115/- (MG-R) | 150000/- |
| കായന്തരി സാൽവേഷൻ ആർമി ചർച്ച് മാരായിക്കുളം റോഡ് | SO60/2015 | 500000/- (400000-plan Gl, 100000-own) | 400000/- |
| ആകെ | | 1643385/- | 1472136/- |

ഓഡിറ്റ് എൻക്വയറി നമ്പർ 13 ൽ ഫയലുകൾ ഹാജരാക്കാനാവശ്യപ്പെട്ടെങ്കിലും മേൽസൂചിപ്പിച്ച 5 ഫയലുക ഹാജരാക്കിയിട്ടില്ല. ചെലവ് രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-5 വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല 774683/- രൂപ തടസ്സം

ഹെഡ്ഗിസ്റ്റസ് നടപ്പാക്കിയ എസ്.എസ്.എ പദ്ധതിസ്സായി ബിൽനമ്പർ 1/17.10,14 പ്രകാരം 774683/-രൂപ എസ്.എസ്.എ ഡിസ്ട്രിക് പ്രോജക്ട്ഓഫീസർക്ക് നൽകിയിട്ടുണ്ട് (dd no.332948, dt 30.10.14). എ ചെലവാക്കിയതിനുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ 774683/- രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-6 വരൾച്ചാദുരിതാശ്വാസം-ചെലവ് രേഖകളില്ല-1364326/- രൂപ തടസ്സം

വാർഷികധനകാര്യപത്രിക പ്രകാരം വരൾച്ചാ ദുരിതാശ്വാസ ഫണ്ട്_ഇനത്തിൽ 1644674/- രൂപ ചെലവാക്കിയിട്ടു 280348/- രൂപയുടെ ചെലവ് രേഖകൾ മാത്രമേ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളൂ. ഓഡിറ്റ് എൻക്വയറി നമ്പർ 14-ര ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ ബാക്കി തുകയായ 136432( ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 അധികനിരക്കിൽ മേശയും കസേരയും.

പ്രോജക്ട് - പട്ടികജാതി വിദ്യാർഥികൾക്ക് മേശയും കസേരയും (എസ്0219/15)

അടങ്കൽ/ചെലവ് തുക - 4,20,000/- (എസ്.സി.പി.)

ബിൽ നം./തീയതി - 10/10.03.2015

നിർവഹണാധികാരി - ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ ചുവടെ.

എ) നിർദ്ധനരായ 105 എസ്.സി. വിദ്യാർഥികൾക്ക് മേശയും കസേരയും വാങ്ങി നൽകുന്നതിനാണ് പദ്ധത് ചെയ്തിരുന്നത്. നിർവഹണോദ്യോഗസ്ഥ 75 വിദ്യാർഥികൾക്ക് 5,600/- രൂപ നിരക്കിൽ സിഡ്കോയിൽ നിന്നും മേശയു വാങ്ങി നൽകി. ജി.ഒ.(എം.എസ്)362/2013തസ്വഭവ തീയതി 16.11.2013 ഖണ്ഡിക 6.8.3. പ്രകാരം ഇ അനുവദിക്കാവുന്ന പരമാവധി സബ്സിഡി 4,000/- രൂപയാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.8/ ലഭിച്ച മറുപടി സ്വീകാര്യമല്ല. അധികമായി ചെലവു ചെയ്ത 1,20,000/- രൂപയുടെ (1,600 x 75) ചെലവ് നിരാകരിക്ക സബ്സിഡി രണ്ടു മാസത്തിനകം ഗുണഭോക്താക്കളിൽ നിന്നും ഈടാക്കി ഒടുക്കാനാകാത്തപക്ഷം നിർവഹണാ ബാധ്യതയാകുന്നതാണ്.

ബി) സർക്കുലർ നം. 25421/ഡി.പി.-1/2001/തസ്വഭവ തീയതി 30.07.2001 പ്രകാരം ഒരേ ആനുകൂല്യത്തിന് ഒരു ം നിന്ന് ഒന്നിലധികം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാവുന്നതല്ല. പദ്ധതിയുടെ ആനുകൂല്യം ലഭിച്ച ഒരു കുടുംബത്തിലെ ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവ് |
|---|---|
| 1 | അനഘ എസ്., ഇമ്പവിളാകം, കീഴമ്മാകം, ചെങ്കൽ പി.ഒ. |
| 2 | അഖില എസ്., ഇമ്പവിളാകം, കീഴമ്മാകം, ചെങ്കൽ പി.ഒ. |
| 3 | ആദിത് എസ്., ഇമ്പവിളാകം, കീഴമ്മാകം, ചെങ്കൽ പി.ഒ. |
| 4 | അഭിരാമി. എസ്.ആർ, വലിയചടയൻവിളാകം, കീഴമ്മാകം, ചെങ്കൽ |
| 5 | സുരഭി.എസ്.ആർ, വലിയചടയൻവിളാകം, കീഴമ്മാകം, ചെങ്കൽ |
| 6 | അക്ഷയ് എ.ബി., കരയ്ക്കാട് പുത്തൻവീട്, കീഴമ്മാകം |
| 7 | അഖിൽ. എ.ബി., കരയ്ക്കാട് പുത്തൻവീട്, കീഴമ്മാകം |

ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കുന്നതിന് സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

## 3-8 സർക്കാർ ജീവനക്കാരുടെ മക്കൾക്കും പഠനസഹായം

പ്രോജക്ട് - പ്രൊഫഷണൽ കോളേജിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർഥികൾക്ക് ട്യൂഷന് ധനസഹായം (എസ്(

ചെലവ് തുക – 4,75,000/-(എസ്.സി.പി.)

ബിൽ നം./തീയതി - ഇല്ല/30.03.2015 – 50,000/-

- ഇല്ല/30.03.2015 – 4,25,000/-

നിർവഹണാധികാരി - ഐ.സി.ഡി.എസ്. സൂപ്പർവൈസർ

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന എസ്.സി. വിദ്യാർഥികൾക്ക് പ്രൊഫഷണൽ കോഴ്സുകളിൽ അഡ്മിഷൻ സംസ്ഥാനത്തിനകത്തുള്ള സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്ക് 25,000/- രൂപയും, സംസ്ഥാനത്തിന് പുറത്തുള്ള സ്ഥ പഠിക്കുന്നവർക്ക് 50,000/- രൂപയും അനുവദിക്കുന്നതിനാണീ പ്രോജക്ട്. ഈ പദ്ധതിയുടെ നിർവഹണത്തിലെ അപാകങ്ങ

എ) <u>സർക്കാർ ജീവനക്കാരുടെ മക്കൾക്കും സ്കോളർഷിപ്പ് അനുവദിച്ചു.</u>

| ക്രമ നം. | ഗുണഭോക്താവ് | കുറിപ്പ് |
|---|---|---|
| 1 | അമിതാ പുഷ്പാകരൻ, തിരുവോണം, രാമരാഹൻവിള, കാരിയോട്, ചെങ്കൽ | പിതാവ് - വിമുക്തഭടൻ<br>മാതാവ് - ഗവ. ജീവനം |
| 2 | അജ്ഞന വി.പി., അജ്ഞൻ നിവാസ്,<br>കറമാൻ വിള, ചെങ്കൽ | പിതാവ് - ഗവ. ജീവനം |

50,000/-രൂപയിൽ താഴെ വാർഷിക വരുമാനമുള്ള കുടുംബത്തിലെ അംഗങ്ങൾക്കാണ് ആ അർഹതയെന്നിരിക്കെയാണ് ഉദ്യോഗസ്ഥരുടെ മക്കൾക്കും ആനുകൂല്യം അനുവദിച്ചത്.

ബി) <u>ഒരേ ഭവനത്തിലെ ഒന്നിലധികം ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചു.</u>

സർക്കുലർ നം. 25421/ഡി.പി.-1/2001/തസ്വഭവ തീയതി 30.07.2001 പ്രകാരം ഒരേ ആനുകൂല്യത്തിന് ഒരു കുടുംബ ഒന്നിലധികം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാവുന്നതല്ല. പദ്ധതിയുടെ ആനുകൂല്യം ലഭിച്ച ഒരു കുടുംബത്തിലെ ഗുഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് |
|---|---|
| 1 | അശ്വതി എസ്.പ്രഭാകരൻ, എസ്.പി. ഭവൻ, കുന്നൻവിള, വട്ടവിള പി.ഒ. |
| 2 | അനു എസ്. പ്രഭാകരൻ, എസ്.പി. ഭവൻ, കുന്നൻവിള, വട്ടവിള പി.ഒ. |

ഇത്തരം അപാകങ്ങൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-9 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർഥികൾക്ക് സ്കോളർഷിപ്പ്/ ബത്ത ന -അപാകങ്ങൾ

പ്രൊജക്ട് - ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർഥികൾക്ക് സ്കോളർഷിപ്പ്/ബത്ത നൽകൽ (എസ് 0205/

ചെലവ് തുക – 2,00,000/- (വികസന ഫണ്ട്) <u>3,300/-</u> (തനത് ഫണ്ട്)

**ആകെ - <u>2,03,300/-</u>**

നിർവഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ

പദ്ധതി പ്രകാരം 23ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിച്ചു. വിശദാംശം ചുവടെ.

മാനസിക വൈകല്യമുള്ള 13പേർക്ക് 10000/- രൂപ നിരക്കിൽ -10000x13 = 1,30,000

ശാരീരിക വൈകല്യമുള്ള 9 പേർക്ക് 8000/- രൂപ നിരക്കിൽ - 8000x9 = 72,000

മാനസിക വൈകല്യമുള്ള ഒരാൾക്ക് 1300/- രൂപ നിരക്കിൽ - 1300x1 = 1,300

**ആകെ - 2,03,300**

പദ്ധതിയുടെ നിർവഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

ജി.ഒ.(എം.എസ്) 362/2013തസ്വഭവ തീയതി.16.11.2013 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 5.8 പ്രകാര വൈകല്യമുള്ള കുട്ടികൾക്ക് അനുവദനീയമായ സ്കോളർഷിപ്പ് - പ്രതിമാസ ബത്ത (12മാസവും), പ്രതിവർഷ ബത്ത (‹ യാത്രാബത്ത (കാലുകളുടെ വൈകല്യമുള്ള വിദ്യാർഥികൾക്ക് സ്കൂളിൽ പോകുന്ന മാസങ്ങളിലേയ്ക്ക് മാത്രം) എന്നിവയാ‹ പഠിക്കുന്ന ക്ലാസ്സ് അനുസരിച്ചാണ് ബത്ത അനുവദിക്കേണ്ടത്. ഉദാഹരണത്തിന് ഒരു നഴ്സറി വിദ്യാർഥിയുടെ പ്രതിമാസ രൂപയും, ബിരുദ വിദ്യാർഥിയുടേത് 800/-രൂപയുമാണ്. എന്നാൽ നിർവഹണോദ്യോഗസ്ഥ എല്ലാ ഗുണഭോക്താക്ക നിരക്കിലാണ് ബത്തകൾ അനുവദിച്ചിരിക്കുന്നത്. ശ്രവണ, കാഴ്ച വൈകല്യമുള്ള വിദ്യാർഥികൾക്ക് പ്രതിമാസ ബത്തയു ബത്തയും മാത്രമാണ് അർഹതയുള്ളതെന്നിരിക്കെ യാത്രാബത്ത കൂടി ഉൾപ്പെട്ട തുകയാണ് ഇവർക്കും നൽകിയിരിക്കുന്നത

അപകടത്തെ തുടർന്ന് സർക്കാർ മെഡിക്കൽ കോളേജിൽ ചികിത്സയിലായിരുന്ന വിദ്യാർഥിക്ക് ഡിസ്ചാർജ്ജ് സർട്ട അടിസ്ഥാനത്തിലും, വാർഡ് മെമ്പറുടെ ശുപാർശയുടെ അടിസ്ഥാനത്തിലും നിർവഹണോദ്യോഗസ്ഥ ശാരീരിക വൈകല പട്ടികയിലുൾപ്പെടുത്തി തുക അനുവദിച്ചു. പദ്ധതിയുടെ ഉദ്ദേശം ശാരീരിക മാനസീക വൈകല്യമുള്ളവർക്ക് ‹ അനുവദിക്കുക എന്നതാണ്. ചികിത്സാ സഹായം അനുവദിക്കുകയല്ല. സ്ഥിര വൈകല്യം സംബന്ധിച്ച മെഡിക്കൽ ‹ സാക്ഷ്യപത്രം ഉള്ളവർക്കുമാത്രമാണ് പദ്ധതിയുടെ ആനുകൂല്യത്തിന് അർഹതയുള്ളത്. ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-10 നിർഭയ ജാഗ്രതസമിതി ബോർഡും പരാതിപ്പെട്ടിയും സ്ഥാപിച്ചില്ല.

പ്രോജക്ട് - നിർഭയ ജാഗ്രത സമിതി (എസ്0073/15)

ചെലവ് തുക - 14,000/- (വികസന ഫണ്ട്)

ബിൽ നം. - 5/29.10.2014

നിർവഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ

പദ്ധതി പ്രകാരം ജാഗ്രതാ സമിതിയോഗങ്ങൾ കൂടുകയും, കൗമാര പ്രായത്തിൽപ്പെട്ട പെൺകുട്ടികൾക്കായി 25.10.201‹ ക്രമീകരിച്ചിട്ടുണ്ട്. എന്നാൽ യോഗമിനിട്സ്, ഹാജർ എന്നിവയൊന്നും സൂക്ഷിച്ചിട്ടില്ല. പദ്ധതി പ്രകാരം 5,500/- രൂപ ചെ (ഡി.ഡി. നം.333092/04.11.2014) നിർഭയ ജാഗ്രത സമിതിയുടെ ബോർഡ്, പരാതിപ്പെട്ടി എന്നിവ നിർമ്മിച്ചുവെങ്കിലും ; പ്രദർശിപ്പിച്ചിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.8/20.06.2016) ബോർഡും പരാതിപ്പെട്ടിയും സ്ഥാപിക്കുന്നതിന് പ പഞ്ചായത്തധികൃതരോട് അറിയിച്ചിട്ടുള്ള തായും 23.05.2015തീയതിയിൽ പ്രസിഡന്റിനും സെക്രട്ടറിയ്ക്കും കത്തും നൽകി നടപടികളുണ്ടായില്ലായെന്നാണ് നിർവഹണോദ്യോഗസ്ഥ മറുപടി നൽകിയത്.

പരാതിപ്പെട്ടി കമ്മിറ്റി യോഗഹാളിൽ വച്ചിട്ടുണ്ട്. പഞ്ചായത്ത് ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിനുള്ള വോട്ടിംഗ് പെട്ടിയായിട്ടാണ് നിലവിൽ ഇത് ഉപയോഗിച്ച് പോരുന്നത്. ബോർഡ്, പരാതിപ്പെട്ടി എന്നിവ പൊതുജനശ്രദ്ധയാകർഷ സ്ഥലത്തും, പൊതുജനങ്ങൾക്ക് പ്രവേശിക്കാനാകുന്ന സ്ഥലത്തും സ്ഥാപിച്ച് പദ്ധതിയുടെ ഉദ്ദേശ്യം പൂർത്തീകരിക്കേണ്ടതാ

## 3-11 ഗ്രാമസഭാ മിനിട്സ് ബുക്കുകളുടെ പരിപാലനം തൃപ്തികരമല്ല.

ഗ്രാമസഭാ മിനിട്സ് ബുക്കുകളുടെ സൂക്ഷിപ്പുകാരൻ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയാണ്. ഗ്ര മിനിട്സ് ബുക്കുകളുടെ സൂക്ഷിപ്പിൽ ഗുരുതരമായ വീഴ്ചയാണ് സംഭവിച്ചിട്ടുള്ളത്. ഗ്രാമസഭാ യോഗങ്ങളുടെ ‹ ശേഖരിക്കേണ്ടതും മിനിട്സ് രേഖപ്പെടുത്തേണ്ടതും സെക്രട്ടറി നിയോഗിക്കുന്ന കോ-ഓർഡിനേറ്റർമാരാണ്. ഗ്രാമ പ മിനിട്സ് ബുക്കുകളിൽ വ്യാപകമായി കൂട്ടിച്ചേർക്കലുകൾ വരുത്തിയിട്ടുണ്ട്. വിവിധ ആനുകൂല്യങ്ങൾക്ക് ‹ ഗുണഭോക്താക്കളുടെ ലിസ്റ്റിനുശേഷം സ്ഥലം ഒഴിച്ചിട്ടിരിക്കുന്നു. എഴുതി തയ്യാറാക്കിയ പട്ടികയ്ക്കൊപ്പം പിന്നീട് അ ചേർത്തിട്ടുണ്ട്. ഉദാഹരണമായി പ്രഫഷണൽ കോളേജിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് അഡ്മിഷന് ‹ എന്ന പദ്ധതിയുടെ ഗുണഭോക്താക്കളുടെ ലിസ്റ്റ് 31.10.2014ലെ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് നൽകിയിരുന്നു. ത 31.01.2015ലെ കമ്മിറ്റിയുടെ I(7) തീരുമാനം പ്രകാരം 4 ഗുണഭോക്താക്കളെ കൂടി ഉൾപ്പെടുത്തുകയുണ്ടായി.

1) അശ്വതി എസ്. പ്രഭാകരൻ

2) അനു എസ് പ്രഭാകരൻ

3) കിരൺ

4) ശരത് എസ്. കെ.

ഇതിൽ ആദ്യ രണ്ടു ഗുണഭോക്താക്കളെയും ചെങ്കൽ കിഴക്ക് - 16-ാം വാർഡിന്റെ ഗുണഭോക്താക്കളുടെ പട്ടികയോടെ കൂട്ടി ചേർത്തതാണ്.

ഗ്രാമസഭ തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ പേരും വിലാസവും ഗുണഭോക്താക്കളുടെ റേഷൻകാർഡ്, സർട്ടിഫിക്കറ്റ് തുടങ്ങിയ രേഖകളുമായി പൊരുത്തപ്പെടുന്നില്ല. ഭവനപുനരുദ്ധാരണം ജനറൽ (എസ്0028/15) പദ്ധതിയുടെ ലഭിച്ച 36പേരിൽ 20പേരുടെയും, ഭവനപുനരുദ്ധാരണം വൃദ്ധർ, വികലാംഗർ (എസ്0027/15) പദ്ധതിയുടെ ആനു 34പേരിൽ 17പേരുടെയും പേരും മേൽവിലാസവും ഗുണഭോക്തൃലിസ്റ്റിലേതും ഓണർഷിപ്പ്, ബാങ്ക് പാസ്ബുക്ക്, ¦ തുടങ്ങിയ രേഖകളിലേതും തമ്മിൽ പൊരുത്തപ്പെടുന്നുണ്ടായിരുന്നില്ല.

ഗുണഭോക്താക്കളിൽ നിന്നും അപേക്ഷകൾ സ്വീകരിച്ച്, പരിശോധിച്ച്, മുൻഗണന നിശ്ചയിച്ച് തയ്യാറാക്കുന്ന ഗ്രാമ പേരും മേൽവിലാസവും യഥാർത്ഥ രേഖകളിൽ നിന്നും ഇത്രയധികം വ്യത്യാസപ്പെടുന്നതിന്റെ കാരണം വ്യക്തമല്ല. വിവ പ്രകാരമുള്ളത് ഒരു വ്യക്തി ആണെന്നതിന് നിർവഹണോദ്യോഗസ്ഥൻ വാർഡ് പ്രതിനിധി, സ്റ്റാന്റിംഗ് കമ്മിറ്റി തുടങ്ങിയവരുടെ സർട്ടിഫിക്കറ്റ് ആണ് ആധാരമാക്കിയത്. 'വൺ ആൻഡ് ദ സേം' സർട്ടിഫിക്കറ്റ് നൽകാനുള്ള അധിക ഓഫീസർക്കാണുള്ളത്. ഗുണഭോക്താവിന്റെ ഐഡന്റിറ്റി സംബന്ധിച്ച് സംശയമുണ്ടാകുന്ന സന്ദർഭങ്ങളിൽ വില്ലേജ് സാക്ഷ്യപത്രം തന്നെ നിഷ്കർഷിക്കേണ്ടതാണ്.

## 3-12 ഗ്രാമസേവകർ നിർവഹിച്ച പദ്ധതികളിലെ പൊതുവായ അപാകങ്ങൾ

ഭവന പുനരുദ്ധാരണം, കിണർ നിർമ്മാണം തുടങ്ങിയ വി.ഇ.ഒ.മാർ നിർവഹണം ചെയ്ത പദ്ധതികൾക്ക ഗുണഭോക്താക്കളുടെ അപേക്ഷ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കൾ നിർവഹണാധികാരിയുമായി ? വ്യവസ്ഥകളുൾപ്പെടുത്തിയ കരാർ വച്ചിട്ടില്ല. ഗുണഭോക്താക്കളുടെ പേരിൽ വാങ്ങിയ മുദ്രപത്രം മാത്രമാണ് സൂ (ഗുണഭോക്താവിന്റെ ഒപ്പ് രേഖപ്പെടുത്തിയവയുമുള്ളതും ഇല്ലാത്തതുമുണ്ട്). ആനുകൂല്യങ്ങളെല്ലാം തന്നെ 50,000/-രൂപ വരുമാനമുള്ളവർക്കാണ് അനുവദിക്കേണ്ടിയിരുന്നത്. എന്നാൽ ഇതിനായി വില്ലേജ് ഓഫീസറുടെ വരുമാന ? നിർവഹണാധികാരി സ്വയം സാക്ഷ്യപ്പെടുത്തിയ വരുമാന സ്റ്റേറ്റ്മെന്റ് എന്നിവയൊന്നും തന്നെയില്ല. പദ്ധതികളുടെ സംബന്ധിച്ച് ബന്ധപ്പെട്ട മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് ഇല്ല. ആനുകൂല്യം അനുവദിക്കുന്നതിനു മുൻപ് ഗുണഭേ നിന്നും രേഖകൾ ശേഖരിച്ച് വിലയിരുത്തേണ്ടതും, അർഹതയുള്ള ഗുണഭോക്താക്കളെ കൊണ്ട് കരാർ വയ്പിച്ച ശേ ആനുകൂല്യങ്ങൾ അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-13 മഴക്കാലപൂർവ്വ ശുചീകരണം

മഴക്കാലപൂർവ്വശുചീകരണത്തിനായി ചെക്ക് നം.938/23.05.2014 പ്രകാരം 25,000/- രൂപ ചെലവ് ചെയ്തിട്ടുണ്ട്. ചെ ച്ചവരെ ചേർക്കുന്നു.

30ഫ്ലക്സ് ബോർഡുകൾ (6x4വലുപ്പത്തിൽ) - 7,920/- രൂപ

രോഗപ്രതിരോധ നോട്ടീസ് - 4,500/-രൂപ

റീപ്പർ വാങ്ങിയത് - 4,800/-രൂപ

കയർ - 150/- രൂപ

ആണി - 200/- രൂപ

വിവധ സ്ഥലങ്ങളിൽ ഫ്ലക്സ് കെട്ടിയത് - 2,100/-രൂപ

ഫ്രെയിം തയ്യാറാക്കൽ - 4,200/-രൂപ

വണ്ടി വാടക - 2,650/- രൂപ

ആകെ തുക - 26,520/- രൂപ

പരിമിതപ്പെടുത്തിയ തുക - 25,000/- രൂപ

മഴക്കാല പൂർവശുചീകരണമെന്ന പേരിൽ പലയിടങ്ങളിൽ ഫ്ലക്സ് പ്രദർശിപ്പിച്ചതായാണ് വ്യക്തമാക്കിയിട്ട ബോർഡുകൾ വലിയ പാരിസ്ഥിതിക പ്രശ്നമാണ് സൃഷ്ടിക്കുന്നതെന്നിരിക്കേ മലിനീകരണത്തിന് വളമൊരുക്കുന്ന ഒരു പ്ര തദ്ദേശ സ്ഥാപനം ഏറ്റെടുത്തത് ശരിയായില്ല.

ഈ പ്രവർത്തനങ്ങൾക്ക് ക്വട്ടേഷൻ/ടെണ്ടർ ക്ഷണിച്ചില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേ (നം.9/20.06.2016) ലഭിച്ച മറുപടി തൃപ്തികരമല്ല. പ്രസിഡന്റിന്റെ കണ്ടിജന്റ് ചെലവു പരിധി 10,000/-രൂപയായിരിക്ക രൂപയുടെ ചെലവ് ചെയ്തതിനാലും ശുചീകരണ പ്രവർത്തനങ്ങൾ ഒന്നും നടത്തിയിട്ടില്ലാത്തതിനാലും ചെലവ് തുക തടസ്സപ്പെ

## 3-14 മഴക്കാല ദുരിതാശ്വാസ പ്രവർത്തനം

മഴക്കാല ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി 2ദിവസം മൈക്ക് അനൗൺസ്മെന്റ് നടത്തിയ ഇനത്തിൽ 1: ചെലവ് ചെയ്തു (ചെക്ക് നം.944/28.05.2014). സ.ഉ. (പി) നം.1113/14/തസ്വഭവ തിയതി 09.05.2014 പ്രകാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ദുരന്തനിവാരണ വകുപ്പ്, റവന്യൂ വകുപ്പ്, ജില്ലാ/താലൂ പഞ്ചായത്ത് തല സംവിധാനങ്ങൾ എന്നിവരുമായി ചേർന്ന് ഗ്രാമപഞ്ചായത്ത് തല ഏകോപന സമിതി രൂപീകരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണമെന്നും, പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തുകൾക്ക് തനതു ഫണ്ടിൽ നിന്നും 5 വരെ 2014 മേയ്, ജൂൺ മാസങ്ങളിലായി ചെലവ് ചെയ്യാമെന്നും ഉത്തരവായിരുന്നു.

ഗ്രാമപഞ്ചായത്ത് ഇപ്രകാരം ഒരു ഏകോപന സമിതി രൂപീകരിച്ചിട്ടില്ല, ദുരിതാശ്വാസ പ്രവർത്തനങ്ങളും നടത്തിയി അനൗൺസ്മെന്റ് മാത്രമാണ് നടത്തിയിട്ടുള്ളത്. ചെലവിന്റെ വിശദാംശങ്ങൾ ഗ്രാമസഭകളിലും, ഗ്രാമപഞ്ചായത്ത് ക അവതരിപ്പിച്ച് സാധൂകരണം വാങ്ങിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/20.06.2 മറുപടി തൃപ്തികരമല്ല. ഉത്തരവിൽ നിർദ്ദേശിക്കും പ്രകാരമുള്ള പ്രവർത്തനങ്ങൾ നടന്നിട്ടില്ലാത്തതിനാലും പ്രവർത്തനങ്ങൾ ഒന്നും തന്നെ നടന്നിട്ടില്ലാത്തതിനാലും, കണ്ടിജന്റ് ചെലവു പരിധി അധികരിച്ച് ചെലവു ചെയ്തിട്ടുള്ളതിന തുക തടസ്സപ്പെടുത്തുന്നു.

## 3-15 വൃക്ഷ തൈ വിതരണം - ചെലവ് നിയന്ത്രിച്ചില്ല.

ഫോറസ്റ്റ് വകുപ്പ് ലഭ്യമാക്കിയ വൃക്ഷതൈകൾ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ വെവ്വേറെ വാഹനങ്ങളി ചെലവിനത്തിൽ 10 വാർഡ് മെമ്പർമാർക്ക് 1,000/- രൂപ നിരക്കിൽ 10,000/- രൂപ അനുവദിച്ചു. (ചെക്ക് നമ്പറുക 930വരെ, തീയതി 09.05.2014). 3വാർഡുകളിൽ വൃക്ഷതൈകൾ വിതരണം ചെയ്യുന്നതിന് ഉപയോഗിച്ചതായി പറയു (KL-19-1670) മോട്ടോർ വാഹന വകുപ്പിന്റെ രേഖകൾ പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടില്ലാത്തതാണ്.

എത്ര തൈകൾ വിതരണം ചെയ്തു?, ഏതൊക്കെ തൈകൾ വിതരണം ചെയ്തു?, തുടങ്ങിയ വിവരങ്ങൾ ലഭ്യമല്ല. ഇത് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/20.06.2016) മറുപടി ലഭിച്ചില്ല. പഞ്ചായത്ത് പ്രദേശത്ത് തൈകൾ എത്ത ക്വട്ടേഷൻ ക്ഷണിച്ച് ഒരു വ്യക്തിയെ ചുമതലപ്പെടുത്തിയിരുന്നുവെങ്കിൽ ചെലവ് നിയന്ത്രിക്കാമായിരുന്നു. ഇത്തരം ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-16 ഓഫീസ് വാഹനത്തിന് സ്റ്റീരിയോ

ഔദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനായി ഡി.ജി.എസ്. നിരക്കുകൾ പ്രകാരമുള്ള വാഹ ഉപയോഗിക്കുന്നതിനാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. വാഹനത്തിന്റെ ഉപയോഗത്തിന് ആവശ്യമായ ന ഫിറ്റിങ്ങുകളും ആണ് വാങ്ങാവുന്നത് എന്നിരിക്കേ അനിവാര്യമല്ലാത്ത സ്റ്റീരിയോ വാങ്ങുന്നതിന് 12,300/- രൂപ വിന ക്രമപ്രകാരമല്ല. സ്റ്റീരിയോ വാങ്ങിയത് 15.05.2014 ലെ പഞ്ചായത്തു കമ്മിറ്റി IV(20) -ാം നമ്പർ തീരുമാ അംഗീകരിച്ചിട്ടുള്ളതുമാണ്. കണ്ടിജന്റ് ചെലവു പരിധിയെ അധികരിച്ച ചെലവ് ആയതിനാൽ 12,300/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-17 ചെലവു രേഖകളില്ല.

ചുവടെ ചേർക്കുന്ന ചെലവുകൾക്ക് ചെലവു രേഖകൾ (ബിൽ, കൈപ്പറ്റ് തുടങ്ങിയവ) ലഭ്യമല്ല.

| ക്രമ | തുക | ചെക്ക്നം./ | ചെലവിനം | കുറിപ്പ് |
|---|---|---|---|---|

| നം. | | തീയതി | | |
|---|---|---|---|---|
| 1 | 4,500 | 2446/ 09.06.2014 | ഓഫീസ് വാഹനത്തിന്റെ സർവീസിംഗ്, റിപ്പയറിംഗ് | ബിൽ, രസീത് ഇല്ല |
| 2 | 1,500 | 4646/ 31.03.2015 | ജില്ലാതല സാക്ഷരതാ മിഷനുള്ള സംഭാവന | വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല |
| 3 | 5,000 | 2754/ 20.08.2014 | നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമ പ്രകാരം ഡാറ്റാ ബാങ്ക് പബ്ലിഷ് ചെയ്യുന്നതിനുള്ള തുക | ട്രഷറി ചലാൻ ലഭ്യമല്ല |

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം.11/23.06.2016, 18/24.06.2016) മറുപടി ലഭിച്ചില്ല. അഭാവത്തിൽ 11,000/- രൂപയുടെ തനത് ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-18 ശമ്പള കുടിശ്ശിക അനുവദിച്ചത് പരിശോധിക്കാനായില്ല.

ജീവനക്കാരുടെ ശമ്പള കുടിശ്ശിക അനുവദിച്ച വൗച്ചറുകൾക്കൊപ്പം, അംഗീകരിക്കപ്പെട്ട ശമ്പള നിർണ്ണ മുൻകാര്യാലയങ്ങളിൽ നിന്നുള്ള ശമ്പള വിവര പത്രിക എന്നിവ വച്ചിട്ടില്ല. ഈ ജീവനക്കാർ നിലവിൽ ഗ്രാമപ സേവനത്തിലില്ലാത്തതിനാൽ ഇവരുടെ സേവനപുസ്തകവും ലഭ്യമല്ല. ഇക്കാരണങ്ങളാൽ ചുവടെ ചേർക്കുന്ന ആ അനുവദിച്ചതിനുള്ള ആധികാരികത ഉറപ്പാക്കാനായില്ല.

| ജീവനക്കാരന്റെ പേര് | ആനുകൂല്യം | തുക | ചെക്ക് നം./തീയതി |
|---|---|---|---|
| ശ്രീ.ചന്ദ്രകുമാർ, ക്ലർക്ക് | ശമ്പള പരിഷ്കരണ കുടിശ്ശിക | 10,665 | 2802/26.09.2014 |
| ശ്രീ.ചന്ദ്രകുമാർ, ക്ലർക്ക് | ഇൻക്രിമെന്റ് അരിയർ | 16,425 | |
| ശ്രീ. രാജേഷ് ഡി., അസി. സെക്രട്ടറി | ശമ്പള കുടിശ്ശിക | 6,183 | 2818/23.10.2014 |

ജീവനക്കാരുടെ കുടിശ്ശികയായിട്ടുള്ള ആനുകൂല്യങ്ങൾ അനുവദിക്കുമ്പോൾ ആനുകൂല്യത്തിനാധാരമായ രേ സൂക്ഷിക്കേണ്ടതാണ്.

## 3-19 തൊഴിൽ രഹിത വേതനം - അപാകതകൾ

2014-15 ൽ തൊഴിലില്ലായ്മ വേതനം നൽകിയതിൽ വിതരണ രജിസ്റ്റർ പ്രകാരം 2 ഗുണഭോക്താക്കൾക്കായി അധികം നൽകിയിരിക്കുന്നു. വിശദവിവരം ചുവടെ.

| ക്രമ നമ്പർ | റോൾ നമ്പർ | പേര് | ജനന തീയതി | കൂടുതലായി നൽകിയ മാസം | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1. | 2699/- | മോൾസി.ആർ | 30.05.1978 | 12 | 1440 |
| 2. | 1773/- | പ്രിയ കുമാരി എസ് | 27.05.1979 | 3 | 360 |
| | | | | | **1800** |

നഷ്ടത്തുകയായ 1800/- രൂപ ഗുണഭോക്താക്കളിൽ നിന്നും അടിയന്തിരമായി ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-20 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ 2014-15സാമ്പത്തിക വർഷം ഗ്രാ 376പദ്ധതികൾ നടപ്പിലാക്കുകയും 53355096/-രൂപ ചെലവഴിക്കുകയും ചെയ്തു.തൊഴിൽ കാർഡ് നേടിയ 7858ക 4654കുടുംബങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുവാനും 143കുടുംബങ്ങൾക്ക് 100ദിനം പൂർത്തിയാക്കുവാനും കഴിഞ്ഞ മേഖലയിൽ തൊഴിൽ ഉറപ്പ് വരുത്തിക്കൊണ്ട് ഗ്രാമീണ കുടുംബങ്ങളുടെ ഉപജീവനവും സുരക്ഷിതത്വവും ഉറപ്പ് വരുത്തുക,

ആസ്തികൾ സൃഷ്ടിക്കുക എന്നിവയാണ് തൊഴിലുറപ്പ് പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം. എന്നാൽ 376പദ്ധതികൾ നടപ്പ തൊഴിൽ കാർഡ് നേടിയ 7858കുടുംബങ്ങളിൽ 143കുടുംബങ്ങൾക്ക് മാത്രമാണ് 100ദിനം പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ട

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട മറ്റ് ചില പോരായ്മകളാണ് താഴെ കൊടുത്തിരിക്കുന്നത്.

(1) തൊഴിൽ കാർഡ് രജിസ്റ്ററിൽ മുഴുവൻ തൊഴിലുടമകളുടേയും ബാങ്ക് അക്കൗണ്ട് നമ്പർ

ഉൾപ്പെടുത്തിക്കാണുന്നില്ല.

(2) തൊഴിലാളികൾക്ക് ഗ്രാമപഞ്ചായത്ത് ലഭ്യമാക്കുന്ന തൊഴിൽ കാർഡിന്റെ പകർപ്പ് മിക്ക

പദ്ധതി ഫയലുകളിലും സൂക്ഷിച്ചിട്ടില്ല.

(3) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം പൂർത്തീകരിച്ച മുഴുവൻ പ്രവൃത്തികളുടേയും വിവരം ഉൾക്കൊ രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

(4) പ്രവൃത്തിയെടുക്കുന്ന സ്ഥലങ്ങളുടെ സൈറ്റ് ഫോട്ടോകൾ എടുക്കേണ്ട ഡിജിറ്റൽ കാമറകേടായതിനാൽ ഉപയേ സൂക്ഷിക്കുന്നില്ല.

(5) പദ്ധതി ഫയലുകളിൽ സൂക്ഷിച്ചിട്ടുള്ള മിക്ക സൈറ്റ് ഡയറികളിലേയും മോണിറ്ററിംഗ് റിപ്പോർട്ട് പൂർണമാക്കി സൂക്ഷിച്ചി

(6) നടപ്പിലാക്കിയ ഭൂരിഭാഗം പദ്ധതികളും ഭവികസനം എന്ന ആശയം മാത്രം മുൻനിറുത്തിയാണ്.

(7) ആസ്തി വർദ്ധിപ്പിക്കാനുതകുന്ന യാതൊരു പ്രവൃത്തിക്കും മതിയായ പ്രാധാന്യം നല്കിയിട്ടില്ല.

അപാകതകളുണ്ടാകാതെ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി. | പ്രൊ. നം.35 | 99940 | 99940 | - |
| കെ.എസ്.ഇ.ബി. | പ്രൊ. നം.204 | 66000 | 66000 | - |
| കെ.എസ്.ഇ.ബി. | പ്രൊ. ന. 252 | 16223 | 16223 | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ഇ.എം. എസ് ഭവന പദ്ധതി | സ.ഉ(സാ) നംബി.3 13291/12,തിയതി 05.12.2012 | 1,80,00,000 | 1,08,00,000 | 18,00,000 | - | 90,00,000കെ.എസ്. ഇ.ബി. |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

***(എ) സംക്ഷിപ്ത വിവരം***

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 10,99,86,606/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 9,92,10,770/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത ഇക | : | 1,24,589/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ ഇക | : | 37,71,290/- |

***(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം***

| ഖണ്ഡിക നമ്പർ | നഷ്ടമായ ഇക | | ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3.3 | | 2,295/-<br>2,294/- | ശ്രീ.സാം വിദ്യാ നാഥ്,<br>അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>ശ്രീ.ലിജു, അസി. എഞ്ചിനീയർ |
| 3.7 | | 1,20,000/- | ശ്രീമതി.സുശീലാബായി.വി.<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| **ആകെ** | | 1,24,589/- | |

***(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ ഇക***

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ ഇക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 70,000/- | ഡോ. ലിജ, മെഡിക്കൽ ഓഫീസർ |
| 3-4 | 14,72,136/- | ശ്രീ. ലിജു, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5 | 7,74,683/- | ശ്രീമതി. ബേബി കസുമം, ഹെഡ് മിസ്ട്രസ് |

| | | |
|---|---|---|
| 3-6 | 13,64,326/- | ശ്രീ. ലിജു, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-13 | 25,000/- | ശ്രീ.റ്റൈറ്റസ്, സെക്രട്ടറി |
| 3-14 | 12,400/- | ശ്രീ. റ്റൈറ്റസ്, സെക്രട്ടറി |
| 3-16 | 12,300/- | ശ്രീ. റ്റൈറ്റസ്, സെക്രട്ടറി |
| 3-17 | 4,500/-<br>1,500/-<br>5,000/- | ശ്രീ. റ്റൈറ്റസ്, സെക്രട്ടറി<br>ശ്രീ. സി. ബാബു, സെക്രട്ടറി<br>ശ്രീ. റ്റൈറ്റസ്, സെക്രട്ടറി |
| ആകെ | 37,71,290/- | |

(ഡ) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഇ) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(എഫ്) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം) | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സാം വിദ്യാ നാഥ്,<br>അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | | ലക്ഷ്മി, എ.എം.ആർ.എ.14എ, മുക്കോല, നെട്ടയം |
| ശ്രീ. ലിജു, അസിസ്റ്റന്റ് എഞ്ചിനീയർ | | ചൈതന്യ, പുളിറവൽ റോഡ്, പൂങ്കോട് |
| ശ്രീമതി. സുശീലാബായി വി.<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ | വിരമിച്ച | രത്നകമലാ കോട്ടേജ്<br>ചെറുവറ്റൂർപ്പൊറ്റ,<br>പരശുവയ്ക്കൽ പി.ഒ. |
| ശ്രീ. റ്റൈറ്റസ്, സെക്രട്ടറി | | രേവതി, മണത്തോട്ടം, വെള്ളറട പി.ഒ. |
| ഡോ. ലിജ, മെഡിക്കൽ ഓഫീസർ | | ഒലിവില ഹൗസ്, ഉദിയൻകുളങ്ങര |
| ശ്രീമതി. ബേബി കുസുമം, ഹെഡ് മിസ്ട്രസ് | വിരമിച്ച | - |
| ശ്രീ. സി. ബാബു, സെക്രട്ടറി | | വിജയവിലാസം, ശാന്തിപുരം, മുല്ലൂർ, വിഴിഞ്ഞം (വഴി) 695521 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 1995-96 | എൽ.എഫ്.റ്റി.ഡി.6(എ)/22/98 തീയതി 12.03.2009 | 1 | |
| 1996-97 | എൽ.എഫ്.റ്റി.ഡി.6(എ)/582/98 തീയതി 08.10.1998 | 11 | |
| 1997-98 | എൽ.എഫ്.റ്റി.ഡി.6(എ)/1064/98 തീയതി 29.01.2001 | 2 | |
| 1999-00 | എൽ.എഫ്.റ്റി.ഡി.6(എ)/248/02 തീയതി10.12.2002 | 7 | |

| | | | |
|---|---|---|---|
| 2000-01 | എൽ.എഫ്.റ്റി.ഡി.ജി.പി.-1/38/10തീയതി 22.07.2010 | 1 | |
| 2001-02 | എൽ.എഫ്.റ്റി.ഡി.ജി.പി.-1/637/05തീയതി 22.08.2008 | 6 | |
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി.-1/16/10തീയതി 16.07.2008 | 4 | |
| 2003-04 | എൽ.എഫ്.റ്റി.ഡി.ജി.പി.-1/1772/07തീയതി18.08.2009 | 20 | |
| 2004-05 | എൽ.എഫ്.റ്റി.ഡി.ജി.പി.-1/1631/08തീയതി 15.11.2010 | 15 | |
| 2005-06 | എൽ.എഫ്.റ്റി.ഡി.ജി.പി.-1/1641/08തീയതി 23.07.2009 | 6 | |
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി.-1/1251/09തീയതി 22.03.2010 | 12 | |
| 2007-08 | എൽ.എഫ്.റ്റി.ഡി.ജി.പി.-1/545/11 തീയതി 09.05.2012 | 14 | |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി.-1/546/11 തീയതി 13.06.2012 | 12 | |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി.-1/331/11 തീയതി 05.04.2013 | 10 | |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി.-1/970/13 തീയതി 12.11.2013 | 9 | |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.-1/1820/13 തീയതി 12.03.2014 | 9 | |
| 2012-13 | എൽ.എഫ്.റ്റി.ഡി.ജി.പി.-1/1145/14 തീയതി 15.10.2014 | 12 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം./ജി.പി.-1/686/2015 തീയതി | 26 | |

**ഡെപ്യ**
സംസ്ഥാന

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്ത വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ **ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെ 2014-15** വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ്സ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **ചെങ്കൽ ഗ്രാമപ** 2014-15 ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യ**
സംസ്ഥാന